REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 16.03.2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിന്റെ സമയക്രമം തെരഞ്ഞെടുപ്പ് കമ്മീഷൻ ഉച്ചകഴിഞ്ഞ് പ്രഖ്യാപിക്കും.
- കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രാജ്യം വികസന കുതിച്ചു ചാട്ടവും, വൻവളർച്ചയും കൈവരിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സൂര്യ ഘർ: മുഫ്ത് ബിജിലി യോജനയ്ക്ക് കീഴിൽ ഒരു കോടിയിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ പ്രധാനമന്ത്രി സന്തോഷം അറിയിച്ചു
- സംസ്ഥാനത്തെ റേഷൻ മസ്റ്ററിംഗ് നിർത്തിവെച്ചു.
- ശബരിമലയിൽ 10 ദിവസത്തെ ഉത്സവത്തിന് തുടക്കം കുറിച്ച് കൊടിയേറി.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തീയതിയും സമയക്രമവും തെരഞ്ഞെടുപ്പ് കമ്മീഷൻ ഉച്ചകഴിഞ്ഞ് പ്രഖ്യാപിക്കും. ഡൽഹിയിലെ വിജ്ഞാൻ ഭവനിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിനായി വാർത്താസമ്മേളനം വിളിച്ചിട്ടുണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം ചില സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെ തീയതിയും കമ്മീഷൻ പ്രഖ്യാപിക്കും. ഇപ്പോഴത്തെ ലോക്സഭയുടെ കാലാവധി ജൂൺ 16നാണ് അവസാനിക്കുന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിന് BJP ഇതുവരെ, 267 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചപ്പോൾ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് 82

സ്ഥാനാർത്ഥികളുടെ പട്ടിക പുറത്തിറക്കി. ഇടതുപക്ഷവും TMCയും ആം ആദ്മി പാർട്ടിയും മറ്റ് ചില പാർട്ടികളും നിരവധി ലോക്സഭാ സീറ്റുകളിലേക്കു സ്ഥാനാർത്ഥികളെ ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു.

✪✪✪

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രാജ്യം വികസന കുതിച്ചു ചാട്ടവും, വൻവളർച്ചയും കൈവരിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വികസിത് ഭാരത് സങ്കൽപ്പത്തെക്കുറിച്ച് പ്രതികരണമാരാഞ്ഞ് രാജ്യത്തെ പൗരന്മാർക്ക് എഴുതിയ തുറന്ന കത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്.

ഇന്ത്യയുടെ സമ്പന്നമായ ദേശീയ - സാംസ്കാരിക പൈതൃക പുനഃരുജ്ജീവനത്തിലൂടെ പാരമ്പര്യത്തെയും ആധുനികതയെയും കൂട്ടിയിണക്കി രാഷ്ട്രം മുന്നേറുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു . സമ്പന്നമായ സംസ്കാരം ആഘോഷിക്കുന്നതോടൊപ്പം രാഷ്ട്രം മുന്നേറുന്നതിൽ ഓരോ പൗരനും അഭിമാനിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

പ്രധാൻമന്ത്രി ആവാസ് യോജന, ആയുഷ്മാൻ ഭാരത്, മാതൃ വന്ദൻ യോജന, GST നടപ്പാക്കൽ, 370-ാം വകുപ്പ് റദ്ദാക്കൽ, നാരീ ശക്തി വന്ദൻ നിയമം, പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ഉദ്ഘാടനം തുടങ്ങിയ പദ്ധതികൾ രാജ്യത്തെ മാറ്റി മറിച്ചതായും പ്രധാനമന്ത്രി കത്തിൽ അറിയിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് BJP വീഡിയോ പ്രചാരണ ഗാനം പുറത്തിറക്കി. 'മേം മോദി കാ പരിവാർ ഹും' എന്ന ഗാനം പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ പങ്കുവെച്ചു.

✪✪✪

സൂര്യ ഘർ: മുഫ്ത് ബിജിലി യോജനയ്ക്ക് കീഴിൽ ഒരു കോടിയിലധികം കുടുംബങ്ങൾ രജിസ്റ്റർ ചെയ്തതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം അറിയിച്ചു. മേൽക്കൂര സൗരോർജ്ജ പദ്ധതിക്ക് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും രജിസ്ട്രേഷനുകൾ ഉണ്ടാകുന്നുണ്ടെന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ മോദി കുറിച്ചു. അസം, ബിഹാർ, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ, തമിഴ്നാട്, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ അഞ്ച് ലക്ഷത്തിലധികം രജിസ്ട്രേഷൻ ലഭിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

സൈനിക പരിശീലനത്തിനിടെ കായിക പ്രശ്നങ്ങളാൽ പുറത്തുപോകേണ്ടി വരുന്ന കേഡറ്റുകളുടെ പുനരധിവാസ പദ്ധതി അഞ്ചു വർഷം കൂടി നീട്ടാൻ കേന്ദ്രം അനുമതി നൽകി. പതിറ്റാണ്ടുകളായി കേഡറ്റുകളും മാതാപിതാക്കളും ഈ ആവശ്യം ഉന്നയിച്ചുവരികയായിരുന്നു. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആണ് അനുമതി നീട്ടണമെന്ന ശുപാർശയ്ക്ക് അംഗീകാരം നൽകിയത്.

✪✪✪

ജമ്മുകശ്മീർ ലിബറേഷൻ ഫ്രണ്ട് മുഹമ്മദ് യാസിൻ മാലിക് വിഭാഗത്തെ കേന്ദ്ര ഗവൺമെന്റ് അഞ്ചു വർഷം കൂടി നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചു. തീവ്രവാദ-വിഘടനവാദ പ്രവർത്തനങ്ങളിൽ സംഘടന തുടർന്നും ഏർപ്പെടുന്ന സാഹചര്യത്തിലാണ് നിരോധന കാലാവധി നീട്ടിയതെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. രാജ്യത്തിന്റെ സുരക്ഷ, പരമാധികാരം, അഖണ്ഡത എന്നിവയ്ക്ക് ഭീഷണിയാകുന്നവർ കടുത്ത പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് അമിത്ഷാ അറിയിച്ചു.

✪✪✪

മദ്യനയക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് റോസ് അവന്യൂ കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. 15,000 രൂപയുടെ ആൾജാമ്യത്തിലാണ് കോടതി കെജരിവാളിന്റെ ആവശ്യം അംഗീകരിച്ചത്. E.D അയച്ച സമൻസുകൾ കെജരിവാൾ കൈപ്പറ്റാതെ ഹാജരാകാതിരുന്നതിനായിരുന്നു കേസ്.

✪✪✪

പ്രസാർ ഭാരതി ചെയർമാനായി നവനീത് കുമാർ സെഗാളിനെ നിയമിച്ചു. മൂന്ന് വർഷത്തേക്കാണ് ചെയർമാന്റെ നിയമന കാലാവധി.

✪✪✪

സംസ്ഥാനത്തെ റേഷൻ മസ്റ്ററിംഗ് നിർത്തിവെച്ചു. ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ മസ്റ്ററിംഗ് ഉണ്ടാവില്ലെന്നും, റേഷൻ വിതരണം സാധാരണ നിലയിൽ നടത്തണമെന്നും മന്ത്രി G R അനിൽ കടയുടമകൾക്ക് നിർദ്ദേശം നൽകി. E- പോസ് മെഷിനീൽ മസ്റ്ററിംഗിനിടെ ഉണ്ടാകുന്ന സാങ്കേതിക തകരാർ പൂർണമായി പരിഹരിച്ചെന്ന് NIC യും IT മിഷനും അറിയിച്ച ശേഷം മസ്റ്ററിംഗ്

പുനഃരാരംഭിക്കും. മുഴുവൻ മുൻഗണനാ കാർഡ് അംഗങ്ങൾക്കും മസ്റ്ററിംഗിന് സമയവും സൗകര്യവും ഒരുക്കുമെന്നും ആശങ്ക വേണ്ടെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ റബർ ഉൽപാദന ബോണസ് 180 രൂപയാക്കിയതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. റബർ സബ്സിഡി ഉയർത്തുമെന്ന് ഇത്തവണ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. നിലവിൽ ഇത് 170 രൂപയാണ്. സ്വാഭാവിക റബറിന് വിലയിടഞ്ഞ സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റ് റബർ ഉൽപാദന ഇൻസെന്റീവ് പദ്ധതി നടപ്പാക്കിയത്.

2024 ഏപ്രിൽ ഒന്നുമുതൽ കിലോഗ്രാമിന് 180 രൂപയായി വർധിപ്പിക്കുമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചത്. അത് നടപ്പാക്കിയാണ് ഉത്തരവിറക്കിയത്. സംസ്ഥാനത്തെ റബർ കർഷകർക്ക് ഉത്പാദന ബോണസായി 24.48 കോടി രുപകൂടി അനുവദിച്ചതായും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഇതുവരെ അഞ്ച് ലക്ഷത്തി 38 വീടുകൾ അനുവദിച്ചതായി മന്ത്രി M B രാജേഷ് പറഞ്ഞു. ഇതിൽ മൂന്ന് ലക്ഷത്തി 85,145 വീടുകളുടെ നിർമ്മാണം പൂർത്തിയായെന്നും ഒരു ലക്ഷത്തി 14,893 വീടുകളുടെ നിർമ്മാണം തുടരുകയാണെന്നും മന്ത്രി പാലക്കാട്ട് അറിയിച്ചു.

✪✪✪

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ഷവർമ്മ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. 43 സ്ക്വാഡുകളുടെ നേതൃത്വത്തിൽ 502 വ്യാപാര കേന്ദ്രങ്ങളിലാണ് പരിശോധന പൂർത്തിയാക്കിയത്. കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തനം നടത്തിയ 54 സ്ഥാപനങ്ങളിലെ ഷവർമ്മയുടെ നിർമ്മാണവും വിൽപ്പനയും നിർത്തിവയ്പ്പിച്ചു. 88 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 61 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകിയതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കണ്ടല സർവ്വീസ് സഹകരണബാങ്കിലെ നിക്ഷേപകരുടെ പണം തിരിച്ചു നൽകുന്നത് ഉറപ്പുവരുത്താനും ബാങ്കിന്റെ പുനരുദ്ധാണത്തിനും

പാക്കേജ് തയാറാക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചു. മന്ത്രി V.N വാസവന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനം എടുത്തത്.

✪✪✪

ബിർമിങ്ഹാമിൽ ഓൾ ഇംഗ്ലണ്ട് ഓപ്പൺ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷവിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ കടന്നു. ലോക പതിനെട്ടാം നമ്പർ താരമായ ലക്ഷ്യ സെൻ ലോക ഒന്നാം നമ്പർ താരം മലേഷ്യയുടെ ലീ സി ജിയെയാണ് തോൽപ്പിച്ചത്.

സെമിയിൽ ലക്ഷ്യ സെൻ വൈകിട്ട് ഇന്തോനേഷ്യയുടെ ജൊനാഥൻ ക്രിസ്റ്റിയെ നേരിടും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബാംഗ്ലൂർ ഫൈനലിൽ പ്രവേശിച്ചു. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ അഞ്ച് റൺസിന് പരാജയപ്പെടുത്തിയാണ് ബാംഗ്ലൂരിന്റെ ഫൈനലിൽ പ്രവേശം.

നാളത്തെ ഫൈനൽ പോരാട്ടത്തിൽ ഡൽഹി കാപ്പിറ്റൽസാണ് ബാംഗ്ലൂരിന്റെ എതിരാളികൾ.

✪✪✪

ശബരിമലയിൽ 10 ദിവസത്തെ ഉത്സവത്തിന് തുടക്കം കുറിച്ച് കൊടിയേറി. ഈ മാസം 24-ന് രാത്രി ശരംകുത്തിയിൽ പള്ളിവേട്ടയും പൈങ്കുനി ഉത്രം നാളായ 25ന് രാവിലെ 11.30ന് പമ്പയിൽ ആറാട്ടും നടക്കും .

കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി S ശ്രീധർ.

................(വോയ്സ്)....................

✪✪✪

സംസ്ഥാനത്ത് ചൂട് വർദ്ധിക്കുന്നു. ചൊവ്വാഴ്ച്ച വരെ പാലക്കാട്, കൊല്ലം ജില്ലകളിൽ, അന്തരീക്ഷ താപനില 38 ഡിഗ്രി സെൽഷ്യസോളം

ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ട്.

ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. പാലക്കാട്, കൊല്ലം,ആലപ്പുഴ, കോട്ടയം, കോഴിക്കോട്, തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശൂർ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി സംസ്ഥാനത്തെ എല്ലാ സ്ഥലങ്ങളിലും സഹകരണ മേഖലയിൽ തണ്ണീർപന്തലുകൾ ഒരുക്കാൻ മന്ത്രി V.N വാസവൻ നിർദ്ദേശിച്ചു.

എല്ലാ ബാങ്കുകളും അവരുടെ മേഖലയിലെ പൊതു ഇടങ്ങളിലും, വ്യാപാര തെരുവുകളിലും ആവശ്യാനുസരണം 'തണ്ണീർ പന്തലുകൾ' ആരംഭിക്കാനാണ് നിർദ്ദേശം. വേനൽ അവസാനിക്കുന്ന സമയം വരെ തണ്ണീർ പന്തലുകൾ നിലനിർത്തണം മെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ NDA സ്ഥാനാർത്ഥിയായി BDJS സംസ്ഥാന പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി മത്സരിക്കും. കോട്ടയത്ത് തുഷാർ വെള്ളാപ്പള്ളി തന്നെയാണ് സ്ഥാനാർഥി പ്രഖ്യാപനം നടത്തിയത്. ഇടുക്കിയിൽ BDJS സ്ഥാനാർത്ഥിയായി സംഗീതാ വിശ്വനാഥനും മത്സരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ലോക്സഭ തിരഞ്ഞെടുപ്പിൽ പട്ടികവർഗ വിഭാഗത്തിന്റെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാൻ ഇന്ത്യയിലെ ആദ്യത്തെ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ 'നങ്ക വോട്ട് കാമ്പയ്ൻ' സംഘടിപ്പിച്ചു. ജില്ലാഭരണകൂടവും ജില്ലാ ഇലക്ഷൻ വിഭാഗവും തിരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടിയായ സ്വീപിന്റെ ഭാഗമായാണ് കാമ്പയിൽ ആവിഷ്കരിച്ചത്.

വോട്ടർപട്ടികയിൽ പേരില്ലാത്ത മുഴുവൻ പട്ടികവർഗ വിഭാഗക്കാരെയും വോട്ടർപട്ടികയിൽ ചേർക്കുകയാണ് 'നങ്ക വോട്ട്' കാമ്പയ്ന്റെ ലക്ഷ്യം.

✪✪✪

കോൺഗ്രസ് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചരണത്തിന് മാധ്യമ സമിതി രൂപീകരിച്ചു. ചെറിയാൻ ഫിലിപ്പാണ് സമിതി അധ്യക്ഷനെന്ന് പാർട്ടി നേതാവ് MM ഹസ്സൻ അറിയിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി പാലക്കാട് ജില്ലയിലെ കാഴ്ച്ച പരിമിതരായ വോട്ടർമാർക്ക് വോട്ടിങ് യന്ത്രങ്ങൾ പരിചയപ്പെടുന്നതിന് സൗകര്യം ഒരുക്കിയതായി ജില്ലാ കളക്ടർ ഡോ.എസ്.ചിത്ര അറിയിച്ചു. താലൂക്ക് ഓഫീസുകളിൽ ഇന്ന് രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ചു വരെയാണ് കാഴ്ച പരിമിതരായ വോട്ടർമാർക്ക് ഈ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് SFI യെ നിയന്ത്രിക്കാൻ CPIM നോ പൊലീസിനോ കഴിയുന്നില്ലെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല കുറ്റപ്പെടുത്തി. സർവകലാശാല കലോത്സവത്തിൽ കോഴ നൽകുന്നതും പരാതി നൽകുന്നതും SFI തന്നെയാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് ആരോപിച്ചു.

✪✪✪